പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **2912** **22.02. 2016-** ലെ മറുപടി

## നോർക്ക സാന്ത്വന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസഫ് വാഴയ്ക്കൻ<br>ശ്രീ. എ.റ്റി.ജോർജ്<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ) സംസ്ഥാനത്ത് നോർക്ക സാന്ത്വന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി)എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) നാട്ടിൽ/ഭാരതത്തിൽ, തിരികെയെത്തിയ നിർദ്ധനരായ പ്രവാസി കുടുംബാംഗങ്ങളെ സാമ്പത്തികമായി സഹായിക്കുകയെന്ന ലക്ഷ്യത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ഈ പദ്ധതിയിൻകീഴിൽ വാർഷിക വരുമാനം 1,00,000/- രൂപയിൽ താഴെയുള്ള പ്രവാസി മലയാളികളുടെ/കുടുംബാംഗങ്ങളുടെ ചികിത്സയ്ക്ക് പരമാവധി 50,000/- രൂപയും, മരണപ്പെട്ട പ്രവാസിയുടെ കുടുംബത്തിന് മരണാനന്തര ധനസഹായമായി പരമാവധി 1,00,000/- രൂപയും, അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനായി പരമാവധി 15,000/- രൂപയും, പ്രവാസിയുടെ/കുടുംബാംഗങ്ങൾക്ക് വീൽച്ചെയർ/ക്രച്ചസ് എന്നിവ വാങ്ങുന്നതിനായി പരമാവധി 10,000/- രൂപയും ഒറ്റതവണയായി നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് സഹായം നൽകിവരുന്നുണ്ട്. |
| സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | സി) ഭരണതലത്തിൽ പദ്ധതിയുടെ നടത്തിപ്പിലേക്കായി വർഷാവർഷം നിശ്ചിത തുക ബഡ്ജറ്റ് വിഹിതമായി സർക്കാർ വകയിരുത്തി വരുന്നുണ്ട്. അപേക്ഷ പരിശോധിച്ച് അർഹരെ കണ്ടെത്തിയശേഷം ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ ധനസഹായം വിതരണം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ